# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2738

18.08.2017-ന് മറുപടി
നൽകേണ്ടിയിരുന്നത്

## സ്കൂളുകൾ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഷാഫി പറമ്പിൽ<br>,, ഹൈബി ഈഡൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അൻവർ സാദത്ത് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഓരോ നിയോജക മണ്ഡലത്തിലും ഒരു സ്കൂൾ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതിപ്രകാരം എത്ര സ്കൂളുകളുടെ നിലവാരം ഉയർത്തി എന്നറിയിക്കുമോ ; | (എ) ഓരോ നിയോജകമണ്ഡത്തിലും ഒരു സ്കൂൾ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതി പ്രകാരം വിവിധ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിവരസാങ്കേതികാധിഷ്ഠിതമായ പരിശീലന പരിപാടികൾ ഇതിനോടകം തന്നെ അദ്ധ്യാപകർക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിലാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനും ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള നടപടികളും ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഇത് കാലാനുസൃതമായ മാറ്റങ്ങൾ അദ്ധ്യയന മേഖലയിൽ വരുന്നതിന് സഹായകമാണ്. |

(ബി) കിഫ്ബിയിൽ നിന്നും കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിക്കുമെന്ന് പ്രഖ്യാപിച്ച 1000 കോടി രൂപ ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ടോ; ഇതിനകം എത്ര കോടി രൂപയുടെ അനുമതി നൽകി;

(ബി) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിക്കായി 1000 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. ആയതിൽ 37 സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 184.26 കോടി രൂപയും 8 മുതൽ 12 വരെ ക്ലാസ് മുറികൾ ഹൈടെക്കാക്കുന്ന പദ്ധതിക്കായി 493.5 കോടി രൂപയും നിലവിൽ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്.

(സി) നിലവാരം ഉയർത്തുന്ന സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരത്തിൽ ഉണ്ടാകുന്ന മാറ്റം, പഠനവിധേയമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തി പോരായ്മകൾ പരിഹരിക്കുന്നതിനും, വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ? വിശദാംശം നൽകുമോ

(സി) ഉണ്ട്.
കുട്ടികളുടെ അക്കാദമിക മികവ് പഠനവിധേയമാക്കാൻ നാഷണൽ അച്ചീവ്മെന്റ് സർവ്വെയുടെ മാതൃകയിൽ സംസ്ഥാനതലത്തിൽ State Achievement Survey രൂപപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷം മുതൽ പ്രസ്തുത സർവ്വേ വിപുലപ്പെടുത്തുന്നതാണ്. നടപ്പ് അധ്യയന വർഷത്തെ നിലവാര പഠനത്തിന്റെ ഫലം താമസംവിനാ പ്രസിദ്ധീകരിക്കുന്നതും ആവശ്യമായ മേഖലകളിൽ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ